സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# മാക്കം എന്ന പെൺ തെയ്യം: പിതൃധികാരവും കെട്ടുമറ സിദ്ധാന്തവും



**പ്രജുല പി***

**സംഗ്രഹം**

ഉത്തരകേരളത്തിലെ ഫോക് സമൃദ്ധികളിൽ സവിശേഷ പ്രാധാന്യമുള്ള ഒന്നാണ് കടാങ്കോട് മാക്കം എന്ന തെയ്യം. പിതൃധികാരത്തിന്റെ ക്രൂരവ്യവഹാരങ്ങളാൽ മുച്ചൂടും മുടിഞ്ഞ ഒരു തറവാടിന്റെയും മാക്കത്തിന്റെയും പുരാവൃത്തത്തെ പിൻപറ്റിയാണ് അംബികാസുതൻ മാങ്ങാടിന്റെ മാക്കം എന്ന നോവൽ രചിക്കപ്പെട്ടിട്ടുള്ളത്. പുതിയ നൂറ്റാണ്ടിൽ മാക്കം എങ്ങനെ പുതിയൊരു കെട്ടുമറയാവുന്നു എന്ന് അന്വേഷിക്കുകയാണ് പ്രബന്ധം .

**താക്കോൽവാക്കുകൾ:** ബ്രാഹ്മണിക പിതൃധികാരം, കെട്ടുമറ സിദ്ധാന്തം

ഉത്തരകേരളത്തിന്റെ ഉത്തര ഭാഗത്ത് ദേവതാ രൂപം ധരിച്ച് നടത്തുന്ന നൃത്ത പ്രധാനമായ ആരാധനാ പ്രകാരമാണ് തെയ്യം. തെയ്യം ഒരു അനുഷ്ഠാനനൃത്തമെന്ന നിലയിൽ തെക്ക് കോരപ്പുഴ മുതൽ വടക്ക് ചന്ദ്രഗിരിപ്പുഴവരെയും പടിഞ്ഞാറ് അറബിക്കടൽ മുതൽ കൂർഗ് കുന്നുകൾ വരെയും വ്യാപിച്ചുകിടക്കുന്നു. തെയ്യങ്ങൾക്കും അവയോടനുബന്ധിച്ച് തലേന്നാൾ കെട്ടിയാടുന്ന തോറ്റം, വെള്ളാട്ടം എന്നിവയ്ക്കും പാടുന്ന അനുഷ്ഠാനപ്പാട്ടുകളാണ് തോറ്റംപാട്ടുകൾ. തോറ്റംപാട്ടുകളിലൂടെയാണ് തെയ്യങ്ങളുടെ ഐതിഹ്യങ്ങൾ ആഖ്യാനം ചെയ്യപ്പെടുന്നത്. വ്യവസ്ഥാപിത സമൂഹത്തിന്റെ അധികാര ബലങ്ങളാൽ മരണപ്പെട്ട മനുഷ്യരാണ് മിക്ക തെയ്യങ്ങളും. പിതൃധികാരത്തിന്റെയും ജാത്യാധികാരത്തിന്റെയും അപമൃത്യുവിനിരയാക്കപ്പെട്ടവർ. വടക്കൻ കേരളത്തിൽ ഇത്തരത്തിൽ തെയ്യങ്ങളാക്കപ്പെട്ട അനേകം സ്ത്രീകളും ദളിതരുമുണ്ട്. ആരിയപ്പൂങ്കന്നി, ഉമ്മച്ചിത്തെയ്യം, ചോന്നമ്മ, തോട്ടുംകരഭഗവതി, നീലി ഭഗവതി, മാഞ്ഞാൾ ഭഗവതി, മുച്ചിലോട്ട് ഭഗവതി, കടാങ്കോട്ട് മാക്കം എന്നിങ്ങനെ അധികാര നൃശംസതയുടെ അടയാളങ്ങളായി അനേകം തെയ്യങ്ങളുണ്ട്.

അത്തരത്തിൽ ഒന്നാണ് ഉത്തരകേരളത്തിലെ ഫോക് സമൃദ്ധികളിൽ സവിശേഷ പ്രാധാന്യമുള്ള കടാങ്കോട് മാക്കം എന്ന തെയ്യം. സന്താനലബ്ധിക്കായി ഉത്തരകേരളത്തിൽ മാക്കം തെയ്യം കെട്ടിയാടാറുണ്ട്. ഉത്തരമലബാറിൽ പ്രചുര പ്രചാരം നേടിയ മാക്കം പുരാവൃത്തത്തെ നാടോടി വാങ്മയങ്ങളുടേയും, നാടോടി പദങ്ങളുടെയും സമൃദ്ധിയിൽ പുനരാഖ്യാനം ചെയ്യുകയാണ് 'മാക്കം എന്ന പെൺതെയ്യം' എന്ന നോവലിൽ അംബികാസുതൻ മാങ്ങാട്.

* അസിസ്റ്റന്റ് പ്രൊഫസർ, കോടിയേരി ബാലകൃഷ്ണൻ സ്മാരക ഗവ. കോളജ്, ചൊക്ലി, തലശ്ശേരി
ഫോൺ: 8606467103. prajula6@gmail.com

കടാങ്കോട്ടു തറവാട്ടിൽ ആറ്റുനോറ്റുണ്ടായ പെൺതരിയായിരുന്ന ഉണ്ണി ചെറിയയുടെ ഏകമകൾ മാക്കം. പടവീരൻമാരായ പന്ത്രണ്ട് ആങ്ങളമാരുടെ ഒറ്റ പെങ്ങൾ. പാതിവ്രത്യ ലംഘനം ആരോപിക്കപ്പെട്ട മാക്കത്തെയും ഇരട്ടക്കുട്ടികളെയും ആങ്ങളമാർ അരും കൊല ചെയ്തു. മാക്കത്തെ വധിച്ചതിനു പിന്നാലെ പരസ്പരം പോരടിച്ച് അവരും മരിച്ചു. കടാങ്കോട് തറവാട് അഗ്നിബാധയിൽ നശിച്ചു. ഏഷണി കൂട്ടിയ നാത്തൂൻമാർ ആത്മഹത്യ ചെയ്തു. ഇങ്ങനെ പിതൃധികാരത്തിന്റെ ക്രൂരവ്യവഹാരങ്ങളാൽ മുച്ചൂടും മുടിഞ്ഞ ഒരു തറവാടിന്റെ പുരാവൃത്തത്തെ പിൻപറ്റിയാണ് മാക്കം എന്ന നോവൽ രചിക്കപ്പെട്ടിട്ടുള്ളത്. നോവലിൽ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്ന ബ്രാഹ്മണിക പിതൃധികാര സാമൂഹിക ക്രമത്തെ നാടോടി ആഖ്യാനമായ കെട്ടുമുസിദ്ധാന്തവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം.

## എന്താണ് ബ്രാഹ്മണിക പിതൃധികാരം

പുരുഷൻമാർ പ്രാഥമിക അധികാരം പുലർത്തുകയും രാഷ്ട്രീയ നേതൃത്വം,ധാർമ്മിക അധികാരം, സാമൂഹിക പദവി, സ്വത്ത് നിയന്ത്രണം എന്നിവയിൽ പ്രബലമാകവുകയും ചെയ്യുന്ന സാമൂഹിക വ്യവസ്ഥയാണ് പിതൃധികാരം. സിൽവിയ വാൽബി (1992). ഒരു രാഷ്ട്രീയ സാമൂഹികവ്യവസ്ഥയായ പിതൃധികാരം, സമൂഹത്തിൽ അന്തർലീനമായ ഒന്നാണെന്നും കരുതുന്നു. ഓരോരുത്തരും ദുർബലരാണെന്നു കരുതുന്ന പിതൃധികാരം പ്രത്യേകിച്ചും സ്ത്രീകൾക്കും ദുർബലർക്കും മുകളിൽ ആധിപത്യം സ്ഥാപിക്കുന്നു. വിവിധ തരത്തിലുള്ള മാനസിക ഭീകരത(Mental terrorism)യിലൂടെയും ശാരീരിക അക്രമങ്ങളിലൂടെയും (Violence)) സ്ത്രീകളിലും പാർശ്വവത്കൃതരിലും അധീശത്വം സ്ഥാപിക്കുന്നത് സവിശേഷാധികാരമായി തന്നെ പിതൃധികാരം കരുതുന്നുണ്ട് പുരുഷാധിപത്യം അടിസ്ഥാനമാക്കിയുള്ള ശ്രേണീബദ്ധവും അസമത്വപൂർണവുമായ അധികാര ബന്ധങ്ങളുടെ ഒരു വ്യവസ്ഥിതിയിൽ സ്ത്രീകളുടെ ഉത്പാദനം, ലൈംഗികത, പ്രത്യുത്പാദനം എന്നിവയെ നിയന്ത്രിക്കുന്നത് പുരുഷന്മാരാണ്.

ഇന്ത്യൻ പരിതോവസ്ഥയിൽ ജാതിശ്രേണിയും ലിംഗശ്രേണിയും ബ്രാഹ്മണ സാമൂഹിക ക്രമത്തിന്റെ സംഘടിത തത്വങ്ങളാണ്. പിതൃപരമ്പരയും ജാതിപരിശുദ്ധിയും നിലനിർത്താൻ സ്ത്രീകളുടെമേൽ ഫലപ്രദമായ ലൈംഗികനിയന്ത്രണം ആവശ്യമാണ് എന്ന് ബ്രാഹ്മണിക പിതൃധികാരം കരുതുന്നു. (ഉമ ചക്രവർത്തി). സ്ത്രീകളുടെ വിശുദ്ധിക്ക് ബ്രാഹ് മണിക പുരുഷാധിപത്യത്തിൽ ഒരു കേന്ദ്ര സ്ഥാനമുണ്ട്, കാരണം ജാതി ശുദ്ധി അതിനെ ആശ്രയിച്ചിരിക്കുന്നു. ആദ്യകാല ഇന്ത്യയിലുണ്ടായ വേദങ്ങളിലെയും ഇതിഹാസങ്ങളിലെയും പുരാവൃത്തങ്ങളിലെയും ജാതി, വർഗം, പുരുഷാധിപത്യം, ഭരണകൂടം എന്നിവ തമ്മിലുള്ള ബന്ധങ്ങൾ വിശകലനം ചെയ്യുമ്പോൾ , വളരെ വ്യത്യസ്തവും അടഞ്ഞതുമായ ഘടനയിൽ സ്ത്രീകളുടെ ലൈംഗികതയുടെ നിയന്ത്രണം സ്ഥാപിക്കുന്ന പ്രക്രിയയുടെ അടയാളങ്ങൾ നിരീക്ഷിക്കാനാവും.

നിലവിലുള്ള ഘടന ഉയർന്ന ജാതികളുടെ പ്രത്യയശാസ്ത്രത്തെ രൂപപ്പെടുത്തുകയും ഇന്നും നിൽക്കുന്ന വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിത്തറയായി തുടരുകയും ചെയ്യുന്നു. ഭൂമി, സ്ത്രീ, ആചാരപരമായ ഗുണങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി ഒരു അടഞ്ഞ ഘടന നിർമ്മിക്കുക എന്നതാണ് ഹിന്ദു സാമൂഹിക സംഘടനയുടെ അടിസ്ഥാന തത്വം. (യാൽ മാൻ). മിസോഗമി തകർക്കപ്പെടുമ്പോൾ ബ്രാഹ്മണ ഗ്രന്ഥങ്ങൾ അവർ പടുത്തുയർത്തിയ സാമൂഹിക ക്രമത്തിന്റെ മുഴുവൻ ഘടനയും തകർന്നതായി കണക്കാക്കുന്നു. കലിയുഗത്തെ സംബന്ധിച്ച അവരുടെ ഭയം ഉയർന്ന ജാതിക്കാരായ സ്ത്രീകളും ബ്രാഹ്മണരല്ലാത്ത പുരുഷന്മാരും ഈ സാമൂഹിക ഘടനയെ സംരക്ഷിക്കുന്നതിനുള്ള തങ്ങളുടെ ചുമതലകളിൽ നിന്ന് പിൻമാറുന്ന അത്തരമൊരു സമയമാണ്. ഹിന്ദുത്വം പ്രാമാണിക പാഠമായി അംഗീകരിക്കുന്ന ഭഗവദ്ഗീത വിവാഹത്തിന്റെ അടഞ്ഞ ഘടനയിൽ എന്തെങ്കിലും തരത്തിലുള്ള വിടവ് ഉണ്ടാകുമ്പോൾ സാമൂഹികവും ധാർമ്മികവുമായ ക്രമത്തിന്റെ തകർച്ചയെ സൂചിപ്പിക്കുന്നു. കുടുംബങ്ങൾ തകരുന്നു, ആചാരങ്ങൾ മറന്നു, അശുദ്ധരാകുന്നു. (ഗീത:41-44)

ഒരു ജാതക കഥ പ്രകാരം "അത്യാഗ്രഹികളായ പശുക്കൾ പുതുതായി മേച്ചിൽപ്പുറം തേടുന്നതുപോലെ സ്ത്രീകൾ ഇണയുടെ ഇണയ്ക്കായി കൊതിക്കുന്നു." (ജാതകം 1 :155) . സ്ത്രീകളുടെ അനിവാര്യമായ സ്വഭാവം അവരുടെ ലൈംഗികതയിൽ നിക്ഷിപ്തമാണ് എന്ന ധാരണ ഏറ്റവും വ്യക്തമായി കൈകാര്യം ചെയ്യുന്നത് ബ്രാഹ്മണ വ്യവസ്ഥയുടെ ഏറ്റവും പ്രമുഖ സൈദ്ധാന്തികനായ മനുവാണ്.

ജാതി രക്തം എല്ലായ്പ്പോഴും ഉഭയകക്ഷി സ്വഭാവമുള്ളതാണെന്നും ഒരേ ജാതിയിലുള്ളവരാവണം വിവാഹിതരാവേണ്ടതെന്നും ബ്രാഹ്മണിക പിതൃധികാരം നിർബന്ധിക്കുന്നു. ജാതിവ്യാപനത്തെക്കുറിച്ചുള്ള സൈദ്ധാന്തിക വിശദീകരണങ്ങളിൽ ബ്രാഹ്മണിക പിതൃധികാരം ഏറ്റവും ഭയപ്പെടുന്നത് ജാതി

 ISSN No: 3049-0316 

മിശ്രണത്തെയാണെന്നു കാണാം. ജാതിവ്യവസ്ഥയുടെ പ്രത്യയശാസ്ത്രജ്ഞർക്ക് 'അപലപനീയമായ വസ്തുതയാണ്. അതിന് ഏറ്റവും കഠിനമായ ശിക്ഷ നൽകിയിരുന്നു. അമ്മയ്ക്കും കുഞ്ഞിനും ഭ്രഷ്ടിലൂടെയും ആചാരപരമായ വധശിക്ഷയിലൂടെയും അടുത്ത കാലംവരെ ലംഘനങ്ങൾ ശിക്ഷിക്കപ്പെട്ടു .

## കെട്ടുമുറ സിദ്ധാന്തം

കേരളത്തിലെ കഥാഗാനങ്ങളിൽ ഉൾപ്പെടുത്താവുന്ന പ്രധാന പാട്ടുപാരമ്പര്യങ്ങളാണ് തോറ്റങ്ങളും. നൂറുകണക്കിനും ആയിരക്കണക്കിനും വരികളുള്ളവയാണ് മിക്ക തോറ്റങ്ങളും ഈ വരികളെ അതേപടി ഹൃദിസ്ഥമാക്കിവയ്ക്കുകയല്ല പാട്ടുകൂട്ടായ്മകൾ ചെയ്യുന്നത്. പകരം ഈ കഥ ഓർത്തു വയ്ക്കുകയും അതിൽനിന്ന് സന്ദർഭാനുസരണം പാട്ടുകെട്ടിയുണ്ടാക്കാനുള്ള ചില സൂത്രവാക്യങ്ങളെ സ്വായത്തമാക്കുകയുമാണ് അവർ ചെയ്യുന്നത്. ഇങ്ങനെ പാട്ടുകെട്ടാനുള്ള സൂത്രവാക്യത്തെയാണ് ഓറൽ ഫോർമുല (കെട്ടുമുറ) എന്നു വിശേഷിപ്പിച്ചത്. ആൽബർട്ട് ബി. ലോർഡ്, മിൽമാൻ പാരി എന്നീ രണ്ടു പണ്ഡിതരാണ് ഓറൽ ഫോർമുല സംബന്ധിച്ച സിദ്ധാന്തം ആവിഷ്കരിച്ചത്. വടക്കൻപാട്ടുകളിലെ മൂലകങ്ങളെ മുൻനിർത്തി അതിന്റെ കെട്ടുമുറയെ മലയാളത്തിൽ വിശദീകരിച്ചത് എം.ആർ. രാഘവവാര്യർ ആണ് (വടക്കൻപാട്ടിന്റെ പണിയാല). ഈ കെട്ടുമുറയുടെ ആഖ്യാനസ്വഭാവമാണ് അംബികാസുതൻ മാങ്ങാട്ടും പിൻതുടരുന്നത്.

## മാക്കം എന്ന പെൺ തെയ്യം: അംബികാസുതൻ മാങ്ങാട്

എല്ലാ അനുഭവങ്ങളും ചരക്കായി മാറുന്ന ഒരു കാലത്ത് അതിന്റെ തനതു രൂപങ്ങൾക്ക് മാത്രമെ സ്വത്വപരമായ നിലനിൽപുള്ളൂ എന്ന തിരിച്ചറിവിന്റെ ഉല്പന്നമാണ് അംബികാസുതൻ മാങ്ങാടിന്റെ ഈ നോവൽ. മാക്കം തോറ്റത്തിന്റെ ആഖ്യാനഭേദമായി നോവൽ മാറുന്നുണ്ട്.

പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും ഉപജീവിച്ച് നിരവധി സാഹിത്യവ്യവഹാരരൂപങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ട്. പല കൃതികളും പുരാവൃത്തസൂചകമായ കഥകൾ പുനരവതരിപ്പിക്കുകയോ എഴുത്തുകാരന്റെ ഭാവുകത്വവും സമകാലിക അനുഭവങ്ങളും കൂടിച്ചേർന്നുള്ള ആഖ്യാനമോ ആയി പരിണമിക്കുന്നു. എഴുത്തുകാരൻ അവന്റെ സ്വാതന്ത്ര്യമവലംബിച്ചുകൊണ്ട് നാടോടി കഥാപാത്രങ്ങളെ പുനഃസൃഷ്ടിക്കുന്ന രീതിയും നിലവിലുണ്ട്.

എം.ടി.യുടെ 'വടക്കൻ വീരഗാഥ' എന്ന തിരക്കഥ ജനമനസ്സുകളിൽ ചിരപ്രതിഷ്ഠ നേടിയ ചതിയൻ ചന്തു എന്ന വടക്കൻ പാട്ടു കഥാപാത്രത്തിനു വീരപരിവേഷം നൽകുന്നു. പറയിപ്പെറ്റ പന്തീരുകുലത്തിന്റെ ഐതിഹ്യകഥയെ ആധാരമാക്കി മലയാളത്തിലുണ്ടായ നോവലാണ് എൻ. മോഹനന്റെ 'ഇന്നലത്തെ മഴ.' കതിവനൂർ വീരൻ തെയ്യമായ മന്ദപ്പനും മന്ദപ്പന്റെ കുടകുയാത്രയുമാണ് എൻ പ്രഭാകരന്റെ 'ഏഴിനും മീതെ' എന്ന നോവൽ. അംബികാസുതൻ മാങ്ങാടിന്റെ തന്നെ 'മരക്കാപ്പിലെ തെയ്യങ്ങൾ' എന്ന നോവലിൽ വിനോദവ്യവസായവും ടൂറിസം പദ്ധതികളും പ്രാദേശിക ആവാസവ്യവസ്ഥയെ കീഴ്മേൽ മറിക്കുമ്പോൾ അതിന്റെ പ്രതിരോധസൂചകമായി തെയ്യത്തെ ഉപയോഗിക്കുന്നു. കൂടാതെ 'അമ്മത്തെയ്യത്തിന്റെ വരവ്' (യു.എ. ഖാദർ), 'ഒറ്റക്കോലം' (നളിനി ബേക്കൽ), 'ഉരിയാടൽ' (വി.എസ്. അനിൽകുമാർ), 'കുട്ടിചാത്തൻ' (പി.കെ. നാണു), 'ഒറ്റക്കയ്യൻതെയ്യം' (എം.എ. റഹ്മാൻ), 'മുച്ചിലോട്ടമ്മ', 'പൊട്ടിയമ്മതെയ്യം', (അംബികാസുതൻ മാങ്ങാട്), 'തെയ്യം' (യു.പി. ജയരാജ്), 'ഒറ്റക്കോലം' (പി.വി.കെ. പനയാൽ), 'തിറയാട്ടം' (ടി.എൻ. പ്രകാശ്), എന്നിങ്ങനെ തെയ്യം പുരാവൃത്തം അവലംബിതമായ കഥകളും മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു രചനയാണ് 'മാക്കം എന്ന പെൺ തെയ്യം.' മാക്കം തോറ്റത്തിന്റെ ആഖ്യാനഭേദമായി അല്ലെങ്കിൽ മറ്റൊരു കെട്ടുമുറയാണ് അംബികാസുതൻ മാങ്ങാട് ഈ നോവലിൽ അവതരിപ്പിക്കുന്നത്.

തന്റെ വംശം നിലനിർത്താനായി ഒരു മകൾക്കായി വരമിരിക്കുന്ന ഉണ്ണിച്ചെറിയയിൽ നിന്നാണ് അംബികാസുതൻ മാങ്ങാട് മാക്കം എന്ന പെൺതെയ്യം ആരംഭിക്കുന്നത്. വംശശുദ്ധിക്കായി സ്ത്രീയ്ക്ക് എല്ലാ സുരക്ഷിതത്വവും ബ്രാഹ്മണിക പിതൃധികാരം വാഗ്ദാനം ചെയ്യുന്നു. ഉണ്ണിച്ചെറിയയുടെ സുഖപ്രസവത്തിനായി ഈറ്റില്ലമൊരുക്കുന്ന ആൺമക്കളെ നോവലിൽ കാണാം. മാക്കത്തിന്റെ ജനനശേഷവും വിവാഹം എന്ന സ്ഥാപനത്തിനകത്തേക്ക് സ്ത്രീയെ പ്രവേശിപ്പിക്കുന്നതിനായി അനുഷ്ഠിക്കപ്പെടുന്ന അനേകം ചടങ്ങുകളിലൂടെയാണ് നോവൽ മുന്നോട്ടു പോകുന്നത്. ഗർഭകാലചടങ്ങുകൾ (പുങ്ങൻ മങ്ങലം, പുളികുടി), അന്നത്തെ വേഷധാരണ രീതി, പൂരച്ചടങ്ങുകൾ (പൂ പറിക്കൽ, കാമന വെക്കൽ, കാമനെ പറഞ്ഞയക്കൽ) എന്നിങ്ങനെ വിശുദ്ധപരമ്പരയെ നിലനിർത്തിക്കൊണ്ടു പോകേണ്ട അനേകം അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള

ISSN No: 3049-0316


പരാമർശങ്ങൾ നോവലിലുണ്ട്. 'ഋതുമതിയാവുന്നതിനു മുൻപു തന്നെ മാക്കം കുട്ടി നമ്പറുമായി വിവാഹിത യാവുന്നുണ്ട്. ഭർത്താവ് അകലെ ആയിരിക്കെ തങ്ങളുടെ പാതിവ്രത്യം കാത്തു സൂക്ഷിക്കുക എന്നത് സ്ത്രീയുടെ ധാർമ്മികമായ ഉത്തരവാദിത്തമായി ബ്രാഹ്മണ പിതൃധികാരം കരുതുന്നു. കുട്ടി നമ്പർ പടയ്ക്ക് പോയിരിക്കെ വാണിയനുമായി ശാരീരിക ബന്ധം പുലർത്തി എന്ന നാത്തൂൻമാരുടെ ആരോപണത്തെ അതിജീവിക്കാൻ സാധിക്കാത്തതാണ് മാക്കത്തിന്റെ മരണത്തിനു കാരണമാവുന്നത്.

ആഗോളവത്കരണത്തിന്റെ സാംസ്കാരികാധിനിവേശത്തെ പ്രതിരോധിക്കാനാവുക തദ്ദേശിയ പ്രാദേശികരൂപങ്ങളിലൂടെയാണ് എന്ന തിരിച്ചറിവ് നോവലിസ്റ്റിനുണ്ട്. വ്യവഹാരഭാഷയിൽ ജീവിത പരിസരത്തിൽ നിന്നും നഷ്ടപ്പെട്ടുപോയ അനേകം നാട്ടുപദങ്ങൾ അംബികാസുതൻ മാങ്ങാട് കണ്ടെടുക്കുകയും അവയെ സ്വാഭാവിക സന്ദർഭത്തിൽ നോവലിൽ പ്രയോഗിക്കുകയും ചെയ്യുന്നു. അടകവന്തൻ (നേരിയ ഉടയാട), ഏപുരി (ഇടത്തെ പള്ള), നൊമ്പലം (വേദന, നോവ്), കോരിക്കിടി (സ്പൂൺ), വസുമന (വാസസ്ഥലം), കാലിയാർ (ശിവൻ), മസ്താരണ (കുളിമുറി), വർജ്ജന (ആർത്തവച്ചോര), പാനി (കുടം), ചമനം (ലക്ഷണം), മേപ്പട്ട് കാലം (ഭാവി കാലം), നാളറിവോൻ (ജ്യോത്സ്യൻ), തൊപ്പൻ (ധാരാളം), കെരണ്ട് (കിണർ), പാങ്ങ് (ഭംഗി), ഏത്തം (കിണറിൽ നിന്ന് വെള്ളം കോരിയെടുക്കാൻ മരത്തിൽനിർമ്മിക്കുന്നത്), പട്ടത്തിരിക്ക (മറ), ആടവാടം (അപ്പച്ചെമ്പ്), എടങ്ങേറ്(ബുദ്ധിമുട്ട്) ഇങ്ങനെ ഉത്തരകേരളത്തിലെ നാട്ടുഭാഷാപദങ്ങളുടെ അക്ഷയഖനിയായി നോവൽ മാറുന്നു.

ദായ ക്രമം (മരുമക്കത്തായം), ഗർഭകാല ചടങ്ങുകൾ (പുങ്ങൻ മങ്ങലം, പുളികുടി), അന്നത്തെ വേഷധാരണ രീതി, പലഹാരങ്ങൾ (പൂരത്തട, നെരിപ്പടയപ്പം), പൂരച്ചടങ്ങുകൾ (പൂ പറിക്കൽ, കാമന വെക്കൽ, കാമനെ പറഞ്ഞയക്കൽ), പാത്രങ്ങൾ (പാനി, ആടവാടം), ആഭരണം തുടങ്ങിയവയെല്ലാം നോവലിൽ പരാമർശ വിഷയങ്ങൾ ആകുന്നു. ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടെയും അനുഭവ ചിത്രം എന്ന നിലയ്ക്കുതന്നെയുള്ള ജീവിതാനുഭവങ്ങളായി ഇവ മാറുന്നു. മതപരം എന്നതിലുപരി അക്കാലത്തുണ്ടായിരുന്ന പങ്കുവയ്ക്കലുകളുടെ ഒരു തലം തന്നെയായി മാറുന്നു ഈ പരാമർശങ്ങളെല്ലാം.

മിൽമാൻ പാരി (1902-1935) അദ്ദേഹത്തിന്റെ വിദ്യാർത്ഥി ആൽബർട്ട് ലോർഡ് (1912-1991) എന്നിവർ ബാൽക്കണിലെ വാമൊഴി ഇതിഹാസഗായകനായ ഹോമറിന്റെ വാമൊഴിരചനാസൂത്രവാക്യരീതി (oral formulaic) കണ്ടെത്തുകയും പഠിക്കുകയും ചെയ്തു. 1928-ൽ ഫ്രഞ്ച് ഭാഷയിൽ പ്രസിദ്ധീകരിച്ച തന്റെ പ്രബന്ധങ്ങളിൽ, നിശ്ചിത പദപ്രയോഗങ്ങളുടെ അല്ലെങ്കിൽ സൂത്രവാക്യങ്ങളുടെ (oral formulaic) വിപുലമായ ഉപയോഗമാണ് ഹോമറിക് ശൈലിയുടെ സവിശേഷതയെന്ന് പാരി തെളിയിച്ചു. ഒരേ ആശയങ്ങളുടെ പ്രകടനത്തിനായി വിവിധ വാമൊഴി സൂത്രവാക്യരീതികൾ (oral formula) ഹോമർ ഉപയോഗിക്കുന്നുണ്ട്. ദീർഘങ്ങളായ വരികൾ ഓർമ്മയിൽ നിർത്തുന്നതിനും പരമ്പരാഗതമായി വാമൊഴികൾ കൈമാറി വരുന്നതിനുമായാണ് ഹോമർ വാമൊഴി സൂത്രവാക്യരീതി സ്വീകരിച്ചത്. ഇതാണ് പിന്നീട് കെട്ടുമുറ സിദ്ധാന്തം എന്ന് ഫോക് ലോർ പഠനങ്ങളിൽ ശ്രദ്ധേയമായത്. ഒരു നിശ്ചിത ആശയം പ്രകടിപ്പിക്കുന്നതിന് ഒരേ മെട്രിക്കൽ സാഹചര്യങ്ങളിൽ പതിവായി പ്രവർത്തിക്കുന്ന ഒരു കൂട്ടം വിഷയപ്രപഞ്ചങ്ങളാണ് രചനാസൂത്രവാക്യം എന്നതുകൊണ്ട്പാരി ഉദ്ദേശിച്ചത്. മാക്കം തെയ്യത്തോറ്റത്തിലുപയോഗിക്കുന്ന ഇത്തരം വിഷയപ്രപഞ്ചത്തെ നോവലിന്റെ ആഖ്യാനഘടനയിലേക്ക് കൊണ്ടുവരികയാണ് നോവലിസ്റ്റ്.

വാണിയനെ തീണ്ടി എന്ന പാതിവ്രത്യ ലംഘനമാരോപിക്കപ്പെട്ട നായർ സ്ത്രീയായ മാക്കം കുട്ടി നമ്പർ എന്ന ഭർത്താവിരിക്കെ തന്നെ പിതൃധികാരത്തിന്റെ ദുരഭിമാന കൊലയ്ക്കിരയായിത്തീരുകയായിരുന്നു. കേരള ഫോക് ലോർ ചരിത്രത്തിലെ ദുരഭിമാനക്കൊലയുടെ പാഠം സമകാലിക കെട്ടുമുറയുടെ പാഠമായിത്തീരുകയാണ് 'മാക്കം എന്ന പെൺ തെയ്യം' എന്ന നോവലിൽ . സാംസ്കാരികാധിനിവേശത്തിന്റെയും പിതൃധികാരത്തിന്റെയും സമകാലിക സാമൂഹിക പരിതസ്ഥിതിയോട് കലഹിക്കാൻ അംബികാസുതൻ മാങ്ങാട് പിതൃധികാരത്തിന്റെ നൃശംസതയാൽ കൊല്ലപ്പെട്ട മാക്കം തോറ്റത്തെ പുനരാഖ്യാനം ചെയ്യുകയാണ്.

## ഉപസംഹാരം

1. ബ്രാഹ്മണിക പിതൃധികാരം കേരളത്തിലെ വിവാഹം, കുടുംബം, കുടുംബ ബന്ധങ്ങൾ എന്നീ സാമൂഹിക സ്ഥാപനങ്ങളെ നിർണയിക്കുന്നു.
2. മിസോഗമി തകർക്കപ്പെടുന്നത് വധശിക്ഷയ്ക്ക് കാരണമായ തെറ്റാണെന്ന് ബ്രാഹ്മണിക പിതൃധികാരം കരുതുന്നു.

 ISSN No: 3049-0316 

3. ബ്രാഹ്മണിക പിതൃധികാരത്തിന്റെ ഇത്തരം നൃശംസതയെ സംരക്ഷിക്കാൻ അനുഷ്ഠാനങ്ങളിലൂടെയും ആചാരങ്ങളിലൂടെയും ഇന്നും ശ്രമിക്കുന്നു.
4. കടത്തനാട്ടു മാക്കം എന്ന ഐതിഹ്യത്തെ ബ്രാഹ്മണിക പിതൃധികാരത്തിന്റെ അടയാളമായി കണ്ടെത്തുകയും പുതുകെട്ടുമുറയിലൂടെ പുനരാഖ്യാനം ചെയ്യുകയും ചെയ്യുകയാണ് അംബികാസുതൻ മാങ്ങാട്.

**സഹായക ഗ്രന്ഥങ്ങൾ:**

പയ്യനാട് രാഘവൻ. ഫോക് ലോർ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2006.

പയ്യനാട് രാഘവൻ. ഫോക് ലോറിന് ഒരു പഠന പദ്ധതി. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1998.

കൃഷ്ണൻ. എ.കെ. 'തിറയും തെയ്യവും.' ഫോക് ലോർ പ്രബന്ധങ്ങൾ. കണ്ണൂർ: കരള ഫോക് ലോർ അക്കാദമി, 2002. 27-35.

Chakravarti Uma. Coseptualising brahamanical patriarchy in early India : Gender,caste,class and state. Economical political weekly,

Parry Milman.The making of Homeric Verse. Clarendon Press, 1971.